**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2909** **03-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. കൈവശം വച്ചിട്ടുള്ളതും പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിക്ക് ആയതു ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്നറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. കൈവശം വച്ചിട്ടുള്ളതും പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിക്ക് ആയതു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച രണ്ട് ഉദ്യോഗസ്ഥരെ ഒരു വർഷക്കാലത്തേയ്ക്ക് സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് I, സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ് ഗ്രേഡ് II) മാരായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ചടയമംഗലം, മാവേലിക്കര, പാലക്കാട്, മണ്ണാർക്കാട്, പയ്യന്നൂർ, കണിയാപുരം, പേരൂർക്കട, കിളിമാനൂർ, പൂവാർ, വെള്ളറട, ദേവികുളം എന്നീ യൂണിറ്റുകളുടെ പട്ടയം ലഭ്യമായിട്ടില്ലാതിരുന്ന ഭൂമിയ്ക്ക് കെ.എസ്. ആർ.ടി.സി.യുടെ പേരിൽ കരം അടച്ച് പട്ടയം ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള വിവിധ യൂണിറ്റുകൾ ഉൾപ്പെടുന്ന ഭൂമിയ്ക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുക യാണ്. |
| (ബി) | ആയതുമായി ബന്ധപ്പെട്ട് നടപടികൾ നടത്തുന്നതിനായി നിയോഗിച്ച റിട്ടയേർഡ് ആയ റവന്യൂ ഉദ്യോഗസ്ഥർക്കായി നാളിതുവരെ ആകെ എന്ത് തുക ചെലവഴിച്ചു; എന്ന് മുതൽ; ഇക്കാര്യത്തിന് തുക കൈപ്പറ്റിയ രസീതിന്റെ പകർപ്പുകൾ സഹിതം മേശപ്പുറത്തു വയ്ക്കുമോ; | (ബി) | ശ്രീ വിനോദ് എം.പി : 4,73,333/- രൂപ (17-9-2020 മുതൽ 30-6-2021 വരെ). ശ്രീ. വിനീഷ് എസ് : 3,78,667/- രൂപ (17-9-2020 മുതൽ 30-6-2021 വരെ). കെ.എസ്.ആർ.ടി.സി.യിലെ എല്ലാ ഉദ്യോഗസ്ഥരുടെയും സാലറി SBI INB (bulk posting) വഴിയാണ് upload ചെയ്യുന്നത്. SBI INB-യിൽ നിന്നും individual receipt എടുക്കുവാൻ നിർവ്വാഹ മില്ല. |
| (സി) | റിട്ടയേർഡ് ആയ ഇവർക്ക് നിയമനം നൽകിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ; | (സി) | ടി ഉദ്യോഗസ്ഥരെ നിയമിച്ചു കൊണ്ട് കെ.എസ്.ആർ.ടി.സി. ഇറക്കിയ നിയമന ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | തലസ്ഥാനത്തെ സിറ്റി ബസ് സ്റ്റാന്റിന് പുറകിലുള്ള കെ.എസ്.ആർ.ടി.സി. യുടെ ഏറെ വിലമതിക്കുന്ന ഭൂമി കൈയ്യേറി കടകൾ സ്ഥാപിച്ചത് ഒഴിപ്പിക്കുവാൻ | (ഡി) | തലസ്ഥാനത്ത് സിറ്റി ബസ് സ്റ്റാന്റിന് പിറകു വശത്ത് കടകൾ സ്ഥാപിച്ചത് ഒഴിപ്പിക്കാൻ |

| | | | |
|---|---|---|---|
| | ഇവർക്ക് ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | കെ.എസ്.ആർ.ടി.സി.യിൽ നിയമിച്ച റിട്ടയേർഡ് റവന്യൂ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം

ഹാജർ : ബിജുപ്രഭാകർ IAS

കെ.എസ്.ആർ.ടി.സി.യിൽ കരാർ അടിസ്ഥാനത്തിൽ
സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് I, സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് II
തസ്തികകളിൽ നിയമനം - ഉത്തരവാകുന്നത് -

ജനറൽ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ

നമ്പർ 326/GL2/2020/RTC. തീയതി, തിരുവനന്തപുരം, 11-9-2020.

വായന:- 1. 04-8-2020ൽ ചേർന്ന 404-ാം നമ്പർ ഭരണസമിതി യോഗത്തിലെ 19/404/2020 നമ്പർ തീരുമാനം
2. 09-9-2020ൽ ചേർന്ന മുഖാമുഖം.

## ഉത്തരവ്

കെ.എസ്.ആർ.ടി.സി.യിൽ സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് I, സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് II എന്നീ തസ്തികകളിൽ വായന (2) പ്രകാരം തിരഞ്ഞെടുക്കപ്പെട്ടവരെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

| പേരും വിലാസവും | തസ്തിക | പ്രതിമാസ മൊത്തവേതനം |
|---|---|---|
| ശ്രീ. എം.പി. വിനോദ്,<br>ടി.സി. 8/392, ശ്രീഭവൻ, RAM-N 155A,<br>മങ്കാട്ടുക്കടവ്, തിരുമല പി.ഒ, തിരുവനന്തപുരം. | സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് I | ₹ 50,000/-. |
| ശ്രീ. വിനീഷ്.എസ്,<br>KNRA-A 50A, കനക നഗർ,<br>വെള്ളയമ്പലം, തിരുവനന്തപുരം. | സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് II | ₹ 40,000/-. |

1. നിയമന കാലാവധി നിയമന തീയതി മുതൽ ഒരുവർഷത്തേയ്ക്കാണ്.
2. ഒരുവർഷം പരമാവധി പത്ത് (10) ആകസ്മിക അവധിയ്ക്ക് അർഹതയുണ്ടായിരിക്കും.
3. ജോലിയുമായി ബന്ധപ്പെട്ട് കോർപ്പറേഷന്റെ ബസ്സുകളിൽ യാത്രചെയ്യുന്നതിനുള്ള സൗജന്യ യാത്രാപാസ് അനുവദിക്കുന്നതാണ്.

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം

ഹാജർ : ബിജുപ്രഭാകർ IAS

കെ.എസ്.ആർ.ടി.സി.യിൽ കരാർ അടിസ്ഥാനത്തിൽ
സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് I, സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് II
തസ്തികകളിൽ നിയമനം – സേവനങ്ങളിലേയ്ക്ക് പ്രവേശിപ്പിച്ച് ഉത്തരവാകുന്നത് -

ജനറൽ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ

നമ്പർ_326/GL2/2020/RTC. തീയതി, തിരുവനന്തപുരം, 17-9-2020.

വായന:- ഈ ഓഫീസിലെ 11-9-2020 ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ്**

കെ.എസ്.ആർ.ടി.സി.യിൽ മേൽ വായനപ്രകാരം കരാർ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് I തസ്തികയിൽ നിയമനംനൽകിയ ശ്രീ. എം.പി. വിനോദ് (മുൻ ഡെപ്യൂട്ടി കളക്ടർ), സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് II തസ്തികയിൽ നിയമനം നൽകിയ ശ്രീ. വിനീഷ്.എസ് (മുൻ തഹസീൽദാർ) എന്നിവരെ 17-9-2020 പൂർവ്വാഹ്നത്തിൽ കോർപ്പറേഷന്റെ സേവനങ്ങളിലേയ്ക്ക് ഒരുവർഷത്തെ കരാർ അടിസ്ഥാനത്തിൽ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

ടിയാന്മാർ എസ്റ്റേറ്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ. എം.പി. വിനോദ്, സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് I
ശ്രീ. വിനീഷ്.എസ്, സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് II

പകർപ്പ് : എല്ലാ മേഖലാ / യൂണിറ്റ് / വർക് ഷോപ്പ് അധികാരികൾക്കും,
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും,
ഫയൽ / കരുതൽ ഫയൽ.

.asm/-

True copy

സെക്ഷൻ ഓഫീസർ